ആയി ഉയർത്തുന്നതിനും സൂപ്രണ്ടിന്റേതുൾപ്പെടെ മൂന്ന് തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

വെളിച്ചെണ്ണയിലെ മായം ചേർക്കൽ തടയാൻ നടപടി

67 [1772] *ശ്രീ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി വെളിച്ചെണ്ണയിൽ മായം ചേർത്ത് വില്പന നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം മായം ചേർക്കുവാൻ ഉപയോഗിക്കുന്ന വസ്തുക്കൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച എത്ര പരാതികൾ 2003 ജനുവരി മുതൽ 2005 ജൂൺ 30 വരെ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) മായം ചേർക്കൽ തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; 2003, 2004 കലണ്ടർ വർഷങ്ങളിലും 2005 ജൂൺ 30-ാം തീയതി വരെയും ഇത്തരത്തിലുള്ള എത്ര കേസ്സുകൾ കണ്ടെത്തിയെന്നും അവയ്ക്കുമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ഇ) വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് വെളിച്ചെണ്ണ വിപണിയെ എപ്രകാരം ബാധിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാരഫിൻ വാക്സ്, മിനറൽ ഓയിൽ, വിലകുറഞ്ഞ എണ്ണ മുതലായവയാണ് ഉപയോഗിക്കുന്നത്.

(സി) 2003 ജനുവരി മുതൽ 2005 ജൂൺ വരെയുള്ള കാലയളവിൽ പത്രവാർത്തകൾ ഉൾപ്പെടെ 18 പരാതികൾ ലഭിക്കുകയുണ്ടായി. ഇതിൻമേൽ നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാനത്തെ മൊബൈൽ വിജിലൻസ് സ്ക്വാഡ്, ചീഫ് ഫുഡ് ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കുകയും അവർ അന്വേഷണം നടത്തി സാമ്പിളുകൾ എടുത്ത് അതാത് ലബോറട്ടറികളിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2003 കലണ്ടർ വർഷത്തിൽ സംസ്ഥാനത്ത് ആകെ 1044 വെളിച്ചെണ്ണ പി.എഫ്.എ. സാമ്പിളുകൾ പരിശോധന നടത്തിയപ്പോൾ 40 സാമ്പിളുകളിലും

LIBRARY ARCHIVES Kerala Legislative Assembly

2004 കലണ്ടർ വർഷത്തിൽ സംസ്ഥാനത്ത് ആകെ 1092 വെളിച്ചെണ്ണ സാമ്പിളുകൾ പരിശോധിച്ചപ്പോൾ 35 സാമ്പിളുകളിലും 1-1-2005 മുതൽ 30-6-2005 വരെ സംസ്ഥാനത്ത് ആകെ 439 സാമ്പിളുകൾ പരിശോധിച്ചതിൽ 12 എണ്ണത്തിലും മായം ചേർത്തതായി കണ്ടു. മായം ചേർത്ത വെളിച്ചെണ്ണ വില്പന നടത്തിയവർക്കെതിരെ മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ഇ) വെളിച്ചെണ്ണ വിപണിയെ മായം ചേർക്കൽ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് ആരോഗ്യ വകുപ്പ് പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല.

കേരളത്തിലെ മെഡിക്കൽ കോളേജുകൾ

68 [1775] *ശ്രീ. സി. മമ്മൂട്ടി:*

„ *പി. കെ. കെ. ബാവ:*

„ *പി. കെ. അബ്ദുറബ്ബ്:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സർക്കാർ മേഖലയിൽ എത്ര;

(സി) സ്വകാര്യ മേഖലയിൽ എയിഡഡ്-അൺ എയിഡഡ് എത്ര; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച മെഡിക്കൽ കോളേജുകൾ എത്ര; അവ ഏതെല്ലാം;

(ഇ) ഓരോ കോളേജുകളിലും നിലവിലുള്ള സീറ്റുകൾ എത്ര;

(എഫ്) ഇവയിൽ സർക്കാർ നേരിട്ട് നിയമനം നടത്തുന്ന സീറ്റുകൾ എത്രയാണ്; ഇവയ്ക്ക് നിശ്ചയിച്ച ഫീസ് എത്ര;

(ജി) സ്വകാര്യ മാനേജ്മെന്റുകൾ പ്രവേശനം നൽകുന്ന സീറ്റുകൾ എത്ര; ഇവയുടെ ഫീസ് എത്ര; വിശദമാക്കുമോ;

(എച്ച്) ഇവയിൽ സംവരണം പാലിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് എത്ര ശതമാനം വീതമാണ് സംവരണം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly